# മിനിറ്റ്സ്

മീനങ്ങാടി ഗ്രാമ പഞ്ചായത്ത്

യോഗ സ്വഭാവം : അടിയന്തിര യോഗം

യോഗ തീയതി : 15.12.2016

യോഗ സ്ഥലം : പഞ്ചായത്ത് കമ്മിറ്റി ഹാൾ

യോഗത്തിന് പങ്കെടുത്തവർ :

| വാർഡിൻറെ നമ്പർ | വാർഡിൻറെ പേര് | മെമ്പറുടെ/കൌൺസില്ലറിന്റെ പേര് |
|---|---|---|
| 1 | ചൂതുപ്പാറ | രജിമോൾ |
| 2 | അപ്പാട് | പി.കെ. സജീവ് |
| 3 | മൈലമ്പാടി | ബീനവിജയൻ |
| 4 | സി.സി | പൈതൽ എ |
| 5 | ആവയൽ | ടി.കെ.ചന്ദ്രൻ |
| 6 | കൊളഗപ്പാറ | ടി.പി.ഷാജി |
| 7 | റാട്ടക്കുണ്ട് | വി.സുരേഷ് |
| 8 | കൃഷ്ണഗിരി | ഉഷ രാജേന്ദ്രൻ |
| 9 | ചീരാംകുന്ന് | ശോഭന സുബ്രമഹ്ണ്യൻ |
| 11 | കാക്കവയൽ | ബേബിലത |
| 12 | കോലമ്പറ്റ | ലിസ്സി പൌലോസ് |
| 13 | മീനങ്ങാടി | രതീഷ് ആർ |
| 14 | പുറക്കാടി | ശോഭന സുരേഷ് |
| 15 | വേങ്ങൂർ | മിനി സാജു |
| 16 | പന്നിമുണ്ട | സിന്ധു രാജൻ |
| 17 | കാപ്പിക്കുന്ന് | ഷീബ കൃഷ്ണൻ |
| 18 | പാലക്കമൂല | ഷാസിക ബിനു |

യോഗ നടപടികൾ:-

| | | |
|---|---|---|
| 2 | അജണ്ട | കാർബൺ ന്യൂട്രൽ പ്രോഗ്രാം- തണൽ എന്ന പരിസ്ഥിതി സംഘടനക്ക് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള കെട്ടിടം വിട്ടുനൽകുന്നത് സംബന്ധിച്ച് |

തീരുമാനങ്ങൾ : അംഗീകരിച്ചു

കാർബൺ ന്യൂട്രൽ പ്രോഗ്രാം - തണൽ എന്ന പരിസ്ഥിതി സംഘടനക്ക് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാർബൺ ന്യൂട്രൽ കമ്യൂണിറ്റീസ് റിസോഴ്സ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ഭരണസമിതി യോഗം വിശദമായി ചർച്ച ചെയ്തു. കേരളത്തിലെ കാർബൺ തുലിത പദ്ധതികൾക്ക് വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി തണൽ കാർബൺ ന്യൂട്രൽ കമ്യൂണിറ്റീസ് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന ഈ സാഹചര്യത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് രാജ്യത്തെ ആദ്യത്തെ കാർബൺ തുലിത പഞ്ചായത്ത് എന്ന നേട്ടം കൈവരിക്കുന്നതിനായുള്ള കുതിപ്പിൽ ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ഭരണകൂടം, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, കുടുംബശ്രീ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയും സാമൂഹ്യ - സാസ്കാരിക - രാഷ്ട്രീയ - തൊഴിൽ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയും പദ്ധതി ആവിഷ്കരിച്ചു വരുന്ന സാഹചര്യത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിനുവേണ്ടി തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന തണൽ എന്ന പരിസ്ഥിതി സംഘടന കാർബൺ തുലിത പഞ്ചായത്ത് എന്ന പദ്ധതിയുടെ ആശയം അവതരിപ്പിക്കുകയും സർക്കാരിന്റെ പിന്തുണ

തേടാൻ സഹായിക്കുകയുമുണ്ടായി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങളിലും പ്രവർത്തനങ്ങളിലും രാജ്യത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന തണൽ എന്ന സംഘടനയുടെ ഈ രംഗത്തുള്ള വൈദഗ്ധ്യവും അനുഭവസമ്പത്തും മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണെന്ന് യോഗം വിലയിരുത്തുകയും കാർബൺ തുലിത മീനങ്ങാടി എന്ന പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട മുന്നൊരുക്കങ്ങൾക്കും പഠനങ്ങൾക്കും വേണ്ട മാർഗ്ഗരേഖകളും സാങ്കേതികോപദേശങ്ങളും നൽകുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള സഹായത്തിനും തണലിനെ ചുമതലപ്പെടുത്തുന്നതിനും തണലിന് പദ്ധതിക്കാലയളവിൽ ഉപയോഗിക്കുന്നതിനും പദ്ധതി കാലയളവിൽ ടി കെട്ടിടത്തിലും വസ്തുവിലും വരുത്തുന്ന ഏതൊരു പരിഷ്കാരങ്ങളും നിർമ്മാണങ്ങളും പഞ്ചായത്ത് കമ്മിറ്റിയെ യഥാസമയം അറിയിക്കുകയും പദ്ധതി കാലാവധി കഴിയുമ്പോൾ/പഞ്ചായത്ത് ആവശ്യപ്പെട്ട് മൂന്നുമാസത്തിനുള്ളിൽ നിരുപാധികം ടി കെട്ടിടം കേടുപാടുകളോ ബാധ്യതകളോ കൂടാതെ തിരിച്ചേൽപ്പിക്കേണ്ടതാണെന്ന നിബന്ധനകളോടെ പഞ്ചായത്തിന്റെ കൈവശത്തിലും ഉടമസ്ഥതയിലുള്ള പാലക്കമൂല വാർഡ് ഓഫീസ് കെട്ടിടം വാർഡ് ഓഫീസ് പ്രവർത്തനത്തിന് ഭംഗം വരാതെ വിട്ടുനൽകുന്നതിനും ഭരണസമിതി യോഗം തീരുമാനിച്ചു.